"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി ശാന്ത പി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 513/2024 നമ്പർ കേസിലെ 20.05.2024 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.196/2024/RD തീയതി,തിരുവനന്തപുരം, 05-10-2024

---

പരാമർശം:-

1. 25.11.2005 ലെ സ.ഉ.(പി) നം.501/2005/ധന.
2. 09.02.20210 ലെ സ.ഉ.(പി) നം. 61/2010/ധന.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 16.09.2022, 25.03.2024 എന്നീ തീയതികളിലെ LR/10392/2022-LR(N3) നമ്പർ കത്തുകൾ.
4. ശ്രീമതി ശാന്ത പി. സർക്കാർ മുമ്പാകെ സമർപ്പിച്ച 12.03.2024 ലെ നിവേദനം.
5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20.05.2024 ലെ OA(EKM) 513/2024 നമ്പർ കേസിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ശ്രീമതി ശാന്ത പി. തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ 1982 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. പ്രസ്തുത വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ താഴെ ആയിരുന്നതിനാൽ പരാമർശം (1) പ്രകാരം ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാരിയെ സ്ഥിരപ്പെടുത്തിയിരുന്നില്ല. മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം നവീകരിച്ച് പുതിയ കെട്ടിടത്തിൽ 04.04.2022 മുതൽ പ്രവർത്തനമാരംഭിക്കുകയും തുടർന്ന് പ്രസ്തുത കെട്ടിടത്തിന്റെ സ്വീപ്പിങ് ഏര്യ 101.36 ച.മീ. ആണെന്ന് തൃശ്ശൂർ വടക്കാഞ്ചേരി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയുമുണ്ടായി. ആയതിനാൽ പ്രസ്തുത വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ ക്രമവൽക്കരിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലും അനുബന്ധ രേഖകളും ശിപാർശ ചെയ്ത് തുടർ നടപടിക്കായി പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ നിലവിലുള്ള കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഒരു പൊതു നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരുന്നതിനാൽ ആയതിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് ടിയാളെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പുന:സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു.

2) തുടർന്ന്, 03.11.1980 ലെ സ.ഉ.(പി) നം .831/1980/(253)/ധന പ്രകാരം മുള്ളൂർക്കര വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 01.11.1982 തീയതി പ്രാബല്യത്തിൽ തന്നെ

സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാർ മുമ്പാകെ ഒരു നിവേദനം (Annexure A11 ) പരാമർശം (4) പ്രകാരം ശ്രീമതി ശാന്ത പി. സമർപ്പിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യം ഉന്നയിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA(EKM) 513/2024 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (5) ഉത്തരവിൽ, അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A11 നിവേദനം പരിഗണിച്ച് വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ രണ്ട് മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ ടി ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച 04.04.2022 തീയതി പ്രാബല്യത്തിൽ ടി തസ്തികയിൽ സ്ഥിരപ്പെടുത്തിയും തദനുസൃതമായ ആനുകൂല്യങ്ങൾ ടിയാൾക്ക് അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം).
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തൃശ്ശൂർ.
ശ്രീമതി ശാന്ത പി., കാഷ്വൽ സ്വീപ്പർ, മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസ്,
തൃശ്ശൂർ. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (05.08.2024 ലെ 2244094/EXP-C2/89/2022-FIN നമ്പർ റിമാർക്ക്സ് പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്. (03.10.2024 ലെ ഇനം നമ്പർ 2425 പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/238/2022-REV)

ഉത്തരവിൻ പ്രകാരം
Signed by
Sindhu Beegum M S
Date: 05-10-2024 16:41:43
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-10-2024

**ഫയൽ** നം. റവ-റ്റി1/238/2022/റവ. ഇനം നം: 2425

**വിഷയം** : റവന്യൂ വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 513/2024 നമ്പർ കേസിലെ 20.05.2024-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ, തലപ്പിള്ളി, മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി. ശാന്ത.പി.-യെ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 04.04.2022 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

**തീരുമാനം** : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

2425

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽ നമ്പർ | റവ-റ്റി1/238/2022-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 513/2024 നമ്പർ കേസിലെ 20.05.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ, തലപ്പിള്ളി, മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി ശാന്ത പി. യെ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 04.04.2022 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്- സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 03.09.2024 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.09.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.09.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25.09.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27.09.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## <u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A(EKM) 513/2024 നമ്പർ കേസിലെ 20.05.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് ഓഫീസിലെ മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ പ്രസ്തുത വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച.മീ. ൽ അധികരിച്ച 04.04.2022 തീയതി പ്രാബല്യത്തിൽ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി ശാന്ത പി. 1982 മുതൽ മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. ടി വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ താഴെയായിരുന്നതിനാൽ 25.11.2005 ലെ സ.ഉ.(പി) നം.501/2005/ധന പ്രകാരം ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാരിയെ റഗുലറൈസ് ചെയ്തിരുന്നില്ല. മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം നവീകരിച്ച് പുതിയ കെട്ടിടത്തിൽ 04.04.2022 മുതൽ പ്രവർത്തനമാരംഭിച്ചു. തുടർന്ന് പ്രസ്തുത കെട്ടിടത്തിന്റെ സ്വീപ്പിങ് ഏര്യ 101.36 ച.മീ. ആണെന്ന് തൃശ്ശൂർ വടക്കാഞ്ചേരി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരുന്നു. ആയതിനാൽ പ്രസ്തുത വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ ക്രമവൽക്കരിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലും അനുബന്ധ രേഖകളും ശിപാർശ ചെയ്ത് തുടർനടപടിക്കായി ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ നിലവിലുള്ള കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഒരു പൊതു നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരികയാണെന്നും ഇതിൽ

അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് ശ്രീമതി ശാന്ത പി. യെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പുന:സമർപ്പിക്കുവാൻ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു.

3. തുടർന്ന് 03.11.1980 ലെ സ.ഉ.(പി)നം.831/1980/(253)/ധന പ്രകാരം മുള്ളൂർക്കര വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 01.11.1982 തീയതി പ്രാബല്യത്തിൽ തന്നെ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാർ മുമ്പാകെ ഒരു നിവേദനം ശ്രീമതി ശാന്ത പി. സമർപ്പിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യം ഉന്നയിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA(EKM) 513/2024 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണൽ 20.05.2024 ന് പുറപ്പെടുവിച്ച ഉത്തരവിൽ, അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A11 നിവേദനം പരിഗണിച്ച് വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ രണ്ട് മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

4. ബഹു. ട്രൈബ്യൂണലിന്റെ 20.05.2024 ലെ OA(EKM) 513/2024 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

> "10/04/2018 തിയ്യതിയിലെ സ.ഉ.(പി)നം. 58/2018/ധന ഉത്തരവിൽ കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുമ്പോൾ ഉത്തരവ് തിയ്യതി മുതൽ മാത്രം പ്രാബല്യം നല്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് ഓഫീസിലെ മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന തിയ്യതി പ്രാബല്യത്തിൽ നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ സ്ഥിരപ്പെടുത്തുന്നതിന് ധന വകുപ്പ് അനുമതി നൽകുന്നു. "

5. സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ കാഷ്വൽ/താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നല്കേണ്ടതാണ്

എന്നാണ് 10.04.2018 ലെ സ.ഉ.(പി) നം.58/2018/ധന പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ കേസിൽ മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസ് 100 ച.മീ. ൽ അധികം വിസ്തീർണ്ണമുള്ള നവീകരിച്ച കെട്ടിടത്തിൽ 04.04.2022 ൽ പ്രവർത്തനം ആരംഭിച്ചതിനെ തുടർന്നാണ് സ്ഥിരപ്പെടുത്തുന്നതിനുള്ള അർഹത ഹർജിക്കാരി കൈവരിച്ചിട്ടുള്ളത്. സമാന വിഷയം നിരവധി കേസുകളിൽ ബഹു. കോടതി പരിശോധിക്കുകയും 100 ച. മീ. ൽ താഴെ സ്വീപ്പിങ് ഏര്യ ഉള്ള ഓഫീസുകളിൽ നിലവിൽ ജോലി ചെയ്തു വരുന്ന കാഷ്വൽ സ്വീപ്പർമാർക്ക് 25.11.2005 ലെ സ.ഉ.(പി) നം.501/2005/ധന ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞതിന് ശേഷം സ്വീപ്പിങ് ഏര്യ അധികരിക്കുകയാണെങ്കിൽ പ്രസ്തുത ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാർക്ക് സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ അധികരിച്ച തീയതി മുതൽ സ്ഥിരപ്പെടുത്തലിന് അർഹതയുണ്ടെന്ന് ബഹു. കോടതി വിധിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല ഈ അടുത്ത സമയങ്ങളിൽ ധന വകുപ്പിന്റെ അനുമതിയോടെ ക്രമവൽക്കരണം അനുവദിച്ച കേസുകളിലെല്ലാം സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച തീയതിയായിരുന്നു ക്രമവൽക്കരണ തീയതി. കൂടാതെ ഉത്തരവ് തീയതി പ്രാബല്യത്തിൽ ക്രമവൽക്കരണം നടത്തിയ പല കേസുകളിലും പിന്നീട് കോടതി വിധിയുടെ അടിസ്ഥാനത്തിൽ 18.06.2001 മുതൽ മുൻകാല പ്രാബല്യം അനുവദിക്കേണ്ടതായും വന്നിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ, OA(EKM) 513/2024 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 20.05.2024 ലെ വിധി നടപ്പിലാക്കുന്നതിലേയ്ക്കായി തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ പ്രസ്തുത ഓഫീസിന്റെ സ്വീപ്പിങ് ഏര്യ അധികരിച്ച 04.04.2022 തീയതി പ്രാബല്യത്തിൽ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്.

7. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ ഉത്തരവ് തീയതി പ്രാബല്യത്തിൽ മാത്രം സ്ഥിരപ്പെടുത്തിയാൽ മതിയാകുമെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20.05.2024 ലെ OA(EKM) 513/2024 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ ടി വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച.മീ. ൽ അധികരിച്ച 04.04.2022 തീയതി പ്രാബല്യത്തിൽ ടി തസ്തികയിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാമോ?

Government of Kerala
(Sri.Pinarayi Vijayan Ministry)
NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | RD-T1/238/2022-RD |
| 2 | Department | Revenue (T) Department |
| 3 | Subject | Regularisation of the service of Smt. Santha P., Casual Sweeper, Mullurkkara Group Village Office at Thalappilly, Thrissur with effect from 04.04.2022 by creating a post of Part Time Sweeper and granting consequential benefits to her in accordance with the Order of the Hon'ble Kerala Administrative Tribunal dated 20.05.2024 in OA(EKM) No. 513/2024- reg. |
| 4 | Date of Chief Minister's order for placing before the Council | 03.09.2024 |
| 5 | i) Does the case involve financial commitments/implications<br>ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note | Yes<br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | No. |
| 7 | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8 | Name of Additional Chief Secretary who approved the Draft Note | Sri.Bishwanath Sinha |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | 13.09.2024 |
| 10 | Name of Chief Secretary who approved the Draft Note | Smt.Sarada Muraleedharan |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 23.09.2024 |
| 12 | Name of Minister who approved the Draft Note | Sri. K. Rajan |
| 13 | Date of approval of the Draft Note for the Council by the Minister | 25.09.2024 |
| 14 | Date of submission of fair copies | 27.09.2024 |
| 15 | Date of decision by the council of Ministers | |
| 16 | Number and date of the G.O. / letter communicating the decision. | |

# NOTE FOR THE COUNCIL OF MINISTERS

This note relates to the regularisation of the service of Smt. Santha P., Casual Sweeper, Mullurkkara Group Village Office at Thalappilly Taluk in Thrissur District, with effect from 04.04.2022, the date on which Sweeping area exceeded 100 sq.mts., by creating a post of Part Time Sweeper in the said office and granting consequential benefits to her in accordance with the Order of the Hon'ble Kerala Administrative Tribunal dated 20.05.2024 in OA(EKM)No. 513/2024.

2. Smt. Santha P. has been working as Casual Sweeper at Mullurkkara Group Village Office since 1982. Since the sweeping area of the said Village Office was below 100 Sq.M., she had not been regularised by creating a post of Part Time Sweeper in the said office in accordance with G.O.(P)No.501/2005/Fin dated 25.11.2005. Mullurkkara Group Village Office has started functioning in the renovated building, from 04.04.2022. Subsequently, the Asst. Engineer, PWD Building Section, Vadakkancherry, Thrissur district had certified that the sweeping area of the said building is 101.36 sq.m. Hence, the Land Revenue Commissioner had submitted a proposal along with connected documents forwarded by the District Collector, Thrissur, before Government with a recommendation to regularise the service of existing Casual Sweeper, Smt. Santha P. by creating a post of Part Time Sweeper in the said Village Office. But the Land Revenue Commissioner has been informed that steps are being taken to formulate a general policy regarding the regularisation of the existing Casual Sweepers and asked to re submit the proposal for the regularisation of the Casual Sweeper, Smt. Santha P. as and when Government have taken a final decision in the matter.

3. Subsequently, Smt. Santha P. has submitted a representation before Government seeking regularisation of her service as Part Time Sweeper by creating a post of Part Time Sweeper with effect from 01.11.1982 with consequential benefits in accordance with G.O.(P)No. 831/1980/(253)/Fin dated 03.11.1980. In addition to that she has filed OA(EKM) 513/2024 before the Kerala Administrative Tribunal with the same prayer. In the said case, the Hon'ble Tribunal in its order dated 20.05.2024 directed the Government to consider Annexure A11 representation submitted by the applicant and to take appropriate decision thereon as early as possible, within a period of two months from the date of receipt of the copy of the order.

4. In the matter of complying with the Order of the Hon'ble Tribunal dated 20.05.2024 in OA(EKM) 513/2024, the Finance Department has opined as follows.

> "10/04/2018 തിയ്യതിയിലെ സ.ഉ.(പി)നം. 58/2018/ധന ഉത്തരവിൽ കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുമ്പോൾ ഉത്തരവ് തിയ്യതി മുതൽ മാത്രം പ്രാബല്യം നല്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് ഓഫീസിലെ മുള്ളൂർക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന തിയ്യതി പ്രാബല്യത്തിൽ നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ സ്ഥിരപ്പെടുത്തുന്നതിന് ധന വകുപ്പ് അനുമതി നൽകുന്നു."

5. As per G.O.(P) No. 58/2018/Fin dated 10.04.2018, Government have ordered that if the Casual /Temporary Sweepers are regularised in Government Departments in any circumstances, the effective date of such

regularisation will be only from the date of the order. In the instant case, the petitioner became eligible for regularisation since Mullurkkara Group Village Office has started functioning in the renovated building having sweeping area above 100 sq.m., from 04.04.2022. The Hon'ble Court has considered similar issues in several cases and has held that in the cases of existing Casual Sweepers who were working in the offices having sweeping area less than 100 sq.m. and where the sweeping area increased subsequent to the issuance of G.O.(P) No. 501/2005/Fin dated 25.11.2005, they were entitled to be regularised with effect from the date on which sweeping area exceeded 100 sq. m. Moreover, the date of regularisation of the service of Casual Sweepers, who were regularised with the concurrence of Finance Department in recent times, was the date on which sweeping area exceeded 100 sq. m. Also, pursuant to the direction of the Hon'ble Court/Tribunal Government ought to grant regularisation with retrospective effect from 18.06.2001 to those Casual Sweepers, who were regularised with effect from the date of the order.

6. In the above circumstances, Smt. Santha P. the existing Casual Sweeper at Mullurkkara Group Village Office at Thalappilly Taluk in Thrissur District may be regularised with effect from 04.04.2022, the date on which the sweeping area exceeded 100 sq.m. by creating a post of Part Time Sweeper in the said office with consequential benefits if any, in order to comply with the order of Hon'ble Tribunal dated 20.05.2024 in OA(EKM)No. 513/2024.

7. When circulated, the Hon'ble Chief Minister has ordered to place the matter before the Council of Ministers for consideration.

**Point for decision**

Whether the services of Smt. Santha P., Casual Sweeper, Mullurkkara Group Village Office at Thalappilly Taluk in Thrissur District may be regularised with effect from 04.04.2022, the date on which sweeping area exceeded 100 Sq. Mts. by creating the post of a Part Time Sweeper in the said office and consequential benefits if any, may be granted to her in accordance with the Order of the Hon'ble Kerala Administrative Tribunal dated 20.05.2024 in OA(EKM)No.513/2024, overruling the remarks of Finance Department to that extent that regularisation of the applicant is with effect from the date of order only?